# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

**ആലപ്പുഴ ജില്ലാകളക്ടർ ചുമതലപ്പെടുത്തിയത്**

## പല്ലന-കുമാരകോടി പാലത്തിലേക്കുള്ള സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

**ഒക്ടോബർ 29, 2022**

**അർത്ഥാനാധികാരി**

**പൊതുമരാമത്ത് വകുപ്പ് (പാലം)**
**സിവിൽ സ്റ്റേഷൻ അനക്സ്**
**ബോട്ട് ജെട്ടി**
**ആലപ്പുഴ**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

RAJAGIRI outREACH

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330-332/2550785
rossrajagiri@gmail.com.
**www.rajagirioutreach.in**

## ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10.ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനര ധിവാസ ത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6.ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7 സാമൂഹ്യപ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം**

8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും**

**മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1. പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതങ്ങൾ

3.1.1. പഠനസംഘം

4.8.1. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ കാലയളവ്

5.1.1. പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ

5.6.1. പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റിയ വൃക്ഷങ്ങളുടെ വിവരം

6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും

6.2.1. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനവും ചെലവും

6.2.2. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിന്റെ വിവരങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

11.1.1. പദ്ധതിയുടെ നേട്ടങ്ങളും ഭൂമി ഏറ്റെടുക്കലിന്റെ കോട്ടങ്ങളും വിലയിരുത്തൽ

**ചിത്രങ്ങൾ**

2.6.1. പദ്ധതിയുടെ രൂപരേഖ

4.1.1. പദ്ധതിപ്രദേശത്തിന്റെ ലൊക്കേഷൻ മാപ്പ്

4.7.1. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

6.2.1. പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും പൊതു ആവശ്യവും

ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പല്ലന, കുമാരകോടി പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പല്ലന-കുമാരകോടി പാലം 30.80 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിന് 01/06/2011 തീയതിയിലെ ഉത്തരവ് GO(MS)No.30/ 2011/PWD പ്രകാരം സർക്കാർ അനുമതി നൽകി. അത് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പല്ലന-കുമാരകോടി പാലം 27/02/2016 തീയതിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. എന്നാൽ പാലത്തിലേക്ക് പ്രവേശിക്കുന്നതിന് സർവ്വിസ് റോഡ് ഇല്ലാതിരുന്നതിനാൽ ലക്ഷ്മിത്തോപ്പ് ഗ്രാമത്തിലെ രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് ടി പാലത്തിൻെറ പ്രയോജനം ലഭിക്കാതെ വന്നു. പ്രദേശവാസികൾക്ക് തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനായി ഗ്രാമത്തിൽ നിന്ന് പുറത്തേക്ക് പോകുന്നതിന് വീണ്ടും കടത്തു വഞ്ചിയെ ആശ്രയിക്കേണ്ടതായി വന്നു. പാലവും അനുബന്ധ റോഡും നിലനിൽക്കേ ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെ പ്രസ്തുത പ്രദേശം ഒറ്റപ്പെട്ട അവസ്ഥയിലായി. ആയതിനാൽ പ്രദേശത്തേക്ക് പല്ലന-കുമാരകോടി പാലത്തിൽ നിന്ന് ഒരു സർവ്വിസ് റോഡ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറ 16/12/2017 തീയതിയിലെ അടിയന്തിര യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും ടി മീറ്റിംഗിലെ 1(10)-ാം നമ്പർ തീരുമാന പ്രകാരം രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് സ്ഥലം ഏറ്റെടുത്ത് സർവ്വിസ് റോഡ് നിർമ്മിച്ച് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പിന്നീട് 2016 ൽ പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ പല്ലന-കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും സർവ്വീസ് റോഡ് നിർമ്മിച്ചു. സർവ്വീസ് റോഡിൻെറ നിർമ്മാണം പൂർത്തീകരിച്ചു എങ്കിലും ഭൂവുടമകൾക്ക് നാളിതുവരെ ഭൂമിയുടെ നഷ്ടപരിഹാരം നൽകിയിട്ടില്ല. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച്, 37.20 ലക്ഷം രൂപ ചെലവഴിച്ച്, പല്ലന-കുമാരകോടി

പാലത്തിൻെറ കിഴക്ക്ഭാഗത്ത്, ലക്ഷ്മിത്തോപ്പ് പ്രദേശത്തെ വിവിധ സർവെ നമ്പറുകളിൽ ഉൾപ്പെട്ട 10 ആർ സ്ഥലം സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നതിന് 08/03/2019 തീയതിയിലെ G.O.(RT)No.389/2019/PWD പ്രകാരം സർക്കാർ ഭരണാനുമതി നൽകി.

### 1.2. പദ്ധതിപ്രദേശം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ വില്ലേജിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ 2-ാംവാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് നിലവിലെ പദ്ധതി പ്രദേശം. പല്ലന-കുമാരകോടി പാലത്തിൻെറ കിഴക്ക്ഭാഗത്തായി സ്ഥിതി ചെയ്യുന്ന ടി പ്രദേശം ജനവാസ സ്ഥലങ്ങളാണ്. വില്ലേജ് രേഖ പ്രകാരം ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ “പുരയിടം” വിഭാഗത്തിൽ പെടുന്നു.

### 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2022 ഒക്ടോബർ 6-ാം തീയതിയിലെ 3422 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാകളക്ടറുടെ 2022 ഒക്ടോബർ 1-ാം തീയതിയിലെ വിജ്ഞാപനം നമ്പർ G.2-2300/2019 പ്രകാരം പല്ലന-കുമാരകോടി പാലത്തിൻെറ സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏകദേശം 10 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ടി വിജ്ഞാപന പ്രകാരമുള്ള ഭൂമി വിവരങ്ങൾ തുടർന്ന് നൽകുന്നു.

**പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

ജില്ല – ആലപ്പുഴ

താലൂക്ക് – കാർത്തികപ്പള്ളി

വില്ലേജ് – തൃക്കുന്നപ്പുഴ

| *ക്രമനമ്പർ* | *സർവ്വെ നമ്പർ* | *വിവരണം* |
|---|---|---|
| 1 | 66/1/92 | പുരയിടം |
| 2 | 66/1/91 | പുരയിടം |
| 3 | 66/1/4 | പുരയിടം |

| | | |
|---|---|---|
| 4 | 67/18/2 | പുരയിടം |
| 5 | 66/1/4/2 | പുരയിടം |
| 6 | 66/1/99 | പുരയിടം |
| 7 | 67/6 | പുരയിടം |
| 8 | 67/17/2 | പുരയിടം |
| 9 | 66/1 | പുരയിടം |
| 10 | 67/17 | പുരയിടം |
| 11 | 67/7 | പുരയിടം |
| 12 | 67/10/1/B2 | പുരയിടം |
| 13 | 67/10 | പുരയിടം |
| 14 | 67/8 | പുരയിടം |
| 15 | 67/9 | പുരയിടം |
| 16 | 67/12 | പുരയിടം |
| 17 | 67/11 | പുരയിടം |
| 18 | 67/15 | പുരയിടം |
| 19 | 67/1/2 | പുരയിടം |
| 20 | 67/13 | പുരയിടം |
| ***ആകെ അളവ് : ഏകദേശം 10 ആർ*** | | |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പല്ലന-കുമാരകോടി പാലത്തിന്റെ കിഴക്ക്ഭാഗത്ത്, ലക്ഷ്മിത്തോപ്പ് പ്രദേശത്തെ രണ്ടുപന്തിച്ചിറ-ചിറക്കുഴി റോഡിലേക്ക് പല്ലന-കുമാരകോടി പാലത്തിൽ നിന്നും നിലവിൽ നിർമ്മാണം പൂർത്തിയായിരിക്കുന്ന സർവ്വീസ് റോഡിനു വേണ്ടി മറ്റ് മാർഗ ങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല. നിർദ്ദിഷ്ട പദ്ധതി ടി പ്രദേശത്തിന്റെ ഒരു അടിയന്തിര ആവശ്യമായിരുന്നതിനാൽ ഭൂവുടമകളുടെയും പ്രദേശവാസികളുടെയും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെയും സമ്മതത്തോടെയാണ് റോഡ് നിർമ്മാണം പൂർത്തീകരിക്കപ്പെ ട്ടിരിക്കുന്നത് എന്ന് മനസിലാക്കുന്നു. കൂടാതെ ഭൂവുടമകൾക്ക് ഏറ്റവും കുറവ്

പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹിക്കപ്പെട്ടിരിക്കുന്നത് എന്ന അർത്ഥനാധികാരിയുടെ വെളിപ്പെടുത്തൽ സാധുവാണെന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠനസംഘം വിലയിരുത്തുന്നു.

### 1.5 സാമൂഹ്യപ്രത്യാഘാതങ്ങൾ

പല്ലന-കുമാരകോടി പാലം നിലവിൽ വന്നിട്ടും ടി പാലത്തിന്റെ സമീപത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പാലത്തിലേക്ക് എത്തിച്ചേരാൻ കഴിയാതെ ഒറ്റപ്പെട്ട സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതിയായ സർവീസ് റോഡ് നിർമ്മാണം പ്രദേശത്തിന്റെ ഒരു അടിയന്തിര ആവശ്യമായിരുന്നു. പ്രദേശവാസികളുടെ സഞ്ചാരവും യാത്രാസൗകര്യവും മെച്ചപ്പെടുത്തിയ സർവീസ് റോഡ് നിർമ്മാണ പദ്ധതിയുടെ പ്രയോജനങ്ങൾ കണക്കിലെടുക്കുമ്പോൾ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ തുലോം കുറവാണ് എന്ന് മനസിലാക്കാവുന്നതാണ്. എന്നിരുന്നാലും ഭൂവുടമകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ ന്യായമായ വിധത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. നിലവിലെ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ പട്ടിക 1.5.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.5.1.: *പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ* | *വിശദീകരണം* |
|---|---|---|
| 1 | കൈവശഭൂമിയുടെ അളവ് കുറയൽ | 18 ഭൂവുടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് കുറയും. |
| 2 | വീടുകൾ പദ്ധതി ബാധിതമാകൽ | ഇല്ല |
| 3 | ഉപജീവന മാർഗം നഷ്ടമാകൽ | ഇല്ല |
| 4 | പൊതു സൗകര്യങ്ങൾ നഷ്ടമാകൽ | ഇല്ല |
| 5. | വൃക്ഷങ്ങൾ നഷ്ടമാകൽ | 6 ഭൂവുടമകളുടെ സ്ഥലത്തുണ്ടായിരുന്ന തെങ്ങ്, കവുങ്ങ് തുടങ്ങിയ വൃക്ഷങ്ങൾ സർവീസ് റോഡ് നിർമ്മാണത്തിനു വേണ്ടി വെട്ടിയിട്ടുണ്ട് |
| 3 | വരുമാനം നഷ്ടമാകൽ | 6 ഭൂവുടമകളുടെ സ്ഥലത്തുണ്ടായിരുന്ന, സർവീസ് റോഡിനു വേണ്ടി മുറിച്ചുമാറ്റിയ ഫലവൃക്ഷങ്ങളിൽ നിന്ന് ലഭിച്ചിരുന്ന വരുമാനം |

**കുറിപ്പ്:** *മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽ നിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.*

### 1.6. ലഘൂകരണ നടപടികൾ

പല്ലന-കുമാരകോടി പാലത്തിൻെറ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി തൃക്കുന്നപ്പുഴ വില്ലേജിൽ നിന്നും ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച പോളിസി (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD) പ്രകാരവും നഷ്ടപരിഹാര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

നിലവിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതി നിർമ്മാണത്തിനു വേണ്ടി പദ്ധതി പ്രദേശത്തുണ്ടായിരുന്ന ഏതാനും വൃക്ഷങ്ങൾ വെട്ടിമാറ്റപ്പെട്ടിട്ടുണ്ട് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി ബാധിത സ്ഥലങ്ങളിൽ നിന്ന് വെട്ടി നീക്കിയ വൃക്ഷങ്ങളെക്കുറിച്ച് തദവസരത്തിൽ പ്രദേശത്തിൻെറ ജനപ്രതിനിധിയായിരുന്ന വ്യക്തിയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ ഭൂവുടമകൾക്ക് ഏറ്റെടുക്കപ്പെടുന്ന ഭൂമിയ്ക്ക് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകുന്നതോടൊപ്പം പദ്ധതി നിർമ്മാണഘട്ടത്തിൽ വെട്ടിമാറ്റപ്പെട്ട വൃക്ഷങ്ങൾക്കുള്ള നഷ്ടപരിഹാരവും നൽകേണ്ടതാണ്.

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ആലപ്പുഴ ജില്ലയിൽ പല്ലന ആറിനു കുറുകെ കരുവാറ്റ-കുമാരകോടി റോഡിൽ 30.80 കോടി രൂപ ചെലവഴിച്ച് പല്ലന-കുമാരകോടി പാലം നിർമ്മിക്കുന്നതിന് 01/06/2011 തീയതിയിലെ G.O(MS)30/2011/PWD പ്രകാരം സർക്കാർ ഭരണാനുമതി നൽകി. അത് പ്രകാരം നിർദ്ദിഷ്ട പാലത്തിൻെറ നിർമ്മാണം പൊതുമരാമത്ത് (പാലം) വിഭാഗം പൂർത്തീകരിക്കുകയും 7/02/2016 തീയതിയിൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ സഞ്ചരിക്കുവാൻ ഒരു പൊതുവഴി ഇല്ലാതിരുന്ന പല്ലന-കുമാരകോടി പാലത്തിൻെറ കിഴക്ക് ഭാഗത്തെ ജനവാസ്ഥലമായ ലക്ഷ്മിത്തോപ്പ് പ്രദേശത്തെ ജനങ്ങളുടെ ഒറ്റപ്പെടലും യാത്രാ ക്ലേശങ്ങളും മാറ്റമില്ലാതെ തുടർന്നു. ആയതിനാൽ പ്രസ്തുത പ്രദേശത്തേക്ക് പല്ലന-കുമാരകോടി പാലത്തിൽ നിന്ന് ഒരു സർവ്വിസ് റോഡ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറ 16/12/2017 തീയതിയിലെ അടിയന്തിര യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും ടി മീറ്റിംഗിലെ 1(10)-ാം നമ്പർ തീരുമാന പ്രകാരം രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് സ്ഥലം ഏറ്റെടുത്ത് സർവ്വീസ് റോഡ് നിർമ്മിച്ച് നൽകുന്നതിന് തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പിന്നീട് 2016 ൽ പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ പല്ലന-കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും സർവ്വീസ് റോഡ് നിർമ്മിച്ചു.

സർവ്വീസ് റോഡിൻെറ നിർമ്മാണം പൂർത്തീകരിച്ചു എങ്കിലും ഭൂവുടമകൾക്ക് നാളിതുവരെ ഭൂമിയുടെ നഷ്ടപരിഹാരം നൽകിയിട്ടില്ല. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച്, 37.20 ലക്ഷം രൂപ ചെലവഴിച്ച്, പല്ലന- കുമാരകോടി പാലത്തിൻെറ കിഴക്ക്ഭാഗത്ത്, ലക്ഷ്മിത്തോപ്പ് പ്രദേശത്തെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 10 ആർ സ്ഥലം സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി

ഏറ്റെടുക്കുന്നതിന് 08/03/2019 തീയതിയിലെ G.O.(RT)No.389/2019/PWD പ്രകാരം സർക്കാർ ഭരണാനുമതി നൽകി. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജനറൽ) ആലപ്പുഴയാണ്.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 യിൽ ലിസ്റ്റ് ചെയ്യിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

2022 ഒക്ടോബർ 6–ാം തീയതിയിലെ 3422 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാ കളക്ടറുടെ 2022 ഒക്ടോബർ 1–ാം തീയതിയിലെ വിജ്ഞാപനം നമ്പർ G.2-2300/2019 പ്രകാരം പല്ലന–കുമാരകോടി പാലത്തിന്റെ സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏകദേശം 10 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

പല്ലന–കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ–ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും പ്രദേശത്തെ ഭൂവുടമകളുടെ സമ്മതത്തോടെ സർവ്വീസ് റോഡ് റോഡിന്റെ നിർമ്മാണം 2016ൽ പൂർത്തീകരിച്ചിട്ടുണ്ട്.

അർത്ഥനാധികാരിയിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് പല്ലന–കുമാരകോടി പാല ത്തിന്റെ നിർമ്മാണചെലവിൽ ഉൾപ്പെടുത്തിയാണ് സർവീസ് റോഡിന്റെ നിർമ്മാണം പൂർത്തികരിച്ചിരിക്കുന്നത് എന്ന് മനസിലാക്കുന്നു.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പല്ലന-കുമാരകോടി പാലത്തിൻെറ കിഴക്ക്ഭാഗത്ത്, ലക്ഷ്മിത്തോപ്പ് പ്രദേശത്തെ രണ്ടുപന്തിച്ചിറ-ചിറക്കുഴി റോഡിലേക്ക് പല്ലന-കുമാരകോടി പാലത്തിൽ നിന്നും നിലവിൽ നിർമ്മാണം പൂർത്തിയായിരിക്കുന്ന സർവ്വീസ് റോഡിനു വേണ്ടി മറ്റ് മാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല. നിർദ്ദിഷ്ട പദ്ധതി ടി പ്രദേശത്തിൻെറ ഒരു അടിയന്തിര ആവശ്യമായിരുന്നതിനാൽ ഭൂവുടമകളുടെയും പ്രദേശവാസികളുടെയും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറയും സമ്മതത്തോടെയാണ് റോഡ് നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസിലാക്കുന്നു. കൂടാതെ ഭൂവുടമകൾക്ക് ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹിക്കപ്പെട്ടിരിക്കുന്നത് എന്ന അർത്ഥനാധികാരിയുടെ വെളിപ്പെടുത്തൽ സാധുവാണെന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠനസംഘം വിലയിരുത്തുന്നു.

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി നിർമ്മാണം ഒറ്റ ഘട്ടമായി 2016ൽ പുർത്തീകരിക്കപ്പെട്ടതാണ്.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

പല്ലന-കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ സർവ്വീസ് റോഡ് റോഡിൻെറ നിർമ്മാണം 2016ൽ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം) ആലപ്പുഴയിൽ നിന്ന് ലഭ്യമായ പദ്ധതിയുടെ രൂപരേഖ താഴെ നൽകിയിരിക്കുന്നു

*ചിത്രം 2.6.1 : പദ്ധതിയുടെ രൂപരേഖ*




**2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് അനുബന്ധ സൗകര്യങ്ങൾ ആവശ്യമില്ല

**2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി**

പദ്ധതി നിർമ്മാണം 2016 ൽ പൂർത്തികരിക്കപ്പട്ടു

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി മറ്റ് പഠനങ്ങൾ നടത്തിയതായ വിവരം ലഭിച്ചിട്ടില്ല

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി പാലത്തിന്റെ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി തൃക്കുന്നപ്പുഴ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര നടപടികളെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ - റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.

❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി പാലത്തിന്റെ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ നിന്ന് ഏകദേശം 10 ആർ ഭൂമി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ കളക്ടർ 2022 ഒക്ടോബർ 1-ാം തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ G.2-2300/2019 2022, ഒക്ടോബർ 6-ാം തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3422 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ- സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 9 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

## പട്ടിക 3.1.1. പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 2 | Dr. Fr. സാജു എം. ഡി | എം.ഫിൽ , പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Dr. Fr. ഷിൻേറാ ജോസഫ് | എം.ഫിൽ, പി.എച്ച്.ഡി., കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച്അസ്സോസിയേറ്റ് | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 7 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 34 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 29 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഇന്ദിര വി. വി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 31 വർഷത്തെ പ്രവർത്തന പരിചയം |

### 3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും, ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാ

ഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതി മൂലം പ്രത്യാഘാത ബാധിതരാകുന്ന ഭൂവുടമകളുടെ എണ്ണം കുറവ് ആയതിനാലും പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 14.10.2022 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, മുൻപേ തയ്യാറാക്കപ്പെട്ട ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത ഭൂമിയുടെ ഉടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. കൂടാതെ പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ ജനപ്രതിനിധിയായിരുന്ന വ്യക്തിയിൽ നിന്നും പദ്ധതി പ്രദേശത്തെക്കുറിച്ചും പദ്ധതി നിലവിൽ വന്നതിൻെറ പശ്ചാത്തലത്തെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാ

ധികാരിയായ പൊതുമരാമത്ത് (പാലം) ആലപ്പുഴ കാര്യാലയത്തിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പഠനത്തിൻെറ അടുത്ത ഘട്ടമായി 11.11.2022 തീയതി വെള്ളിയാഴ്ച്ച പല്ലന, ലക്ഷ്മിത്തോപ്പ് എസ്.എൻ.ഡി.പി.ഹാളിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തപ്പെടുന്നു. ബന്ധപ്പെട്ട അധികാരികളുടെ സാന്നിദ്ധ്യത്തിൽ പദ്ധതി ബാധിതർക്ക് നിർദ്ദിഷ്ട പദ്ധതി യെക്കുറിച്ചും ഭൂമിഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും ഇത്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും സർവീസ് റോഡ് നിർമ്മാണ പദ്ധതിയെക്കുറിച്ചും ഉന്നയിക്കുന്ന അഭിപ്രായങ്ങളും, ആശങ്കകളും കൂടാതെ അതുമായ് ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും അർത്ഥനാധികാരിയും നൽകുന്ന മറുപടികളും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതി മൂലം പ്രത്യാ ഘാത ബാധിതരാകുന്ന ഭൂവുടമകളുടെ എണ്ണം കുറവ് ആയതിനാലും പദ്ധതി ബാധിത രാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാ മ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശി ക്കുകയും പദ്ധതി ബാധിതരാകുന്ന 18 കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവര ശേഖരണം നടത്തുകയും ചെയ്തു.

**3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന രേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ പൊതുമരാമത്ത് (പാലം) ആലപ്പുഴ കാര്യാലയത്തിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്

**3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകിയിരിക്കുന്നു :

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശം സന്ദർശിക്കലും നിരീക്ഷണവും
- പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വെ
- പദ്ധതി പ്രദേശത്തെ മുൻ ജനപ്രതിനിധിയുമായ് അഭിമുഖം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- പബ്ലിക് ഹിയറിങ്ങ് ആസൂത്രണം

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

ആലപ്പുഴ ജില്ലയിൽ കരുവാറ്റ–കുമാരകോടി റോഡിൽ സ്ഥിതിചെയ്യുന്ന പല്ലന–കുമാര കോടി പാലത്തിൻെറ കിഴക്ക് ഭാഗത്താണ് ലക്ഷ്മിത്തോപ്പ് എന്ന് അറിയപ്പെടുന്ന പദ്ധതി പ്രദേശം. ടി പ്രദേശം ജനവാസ സ്ഥലങ്ങളാണ്. പ്രദേശത്ത് തെങ്ങ്, കവുങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ധാരാളം വൃക്ഷങ്ങളുണ്ട്. മഹാകവി കുമാരനാ ശാൻെറ മരണകാരണമായ ബോട്ടപകടം നടന്നത് പദ്ധതി പ്രദേശത്തു കൂടി ഒഴുകുന്ന പല്ലനയാറിലാണ്. കുമാരനാശാൻെറ ഭൗതിക ശരീരം ഇവിടെ അടക്കം ചെയ്യപ്പെട്ടതിനാൽ ടി പ്രദേശം കുമാരകോടി എന്നും അറിയപ്പെടുന്നു. പദ്ധതി പ്രദേശം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ 2–ാം വാർഡിൽ ഉൾപ്പെടുന്നു.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

ആലപ്പുഴ ജില്ലയിൽ പല്ലനയാറിനു കുറുകെ പല്ലന–കുമാരകോടി പാലം 2016 ൽ നിലവിൽ വരുന്നതിനു മുൻപ് പല്ലന, കുമാരകോടി പ്രദേശങ്ങളിലെ ജനങ്ങൾ ഇരുകര കളിലേക്കും സഞ്ചരിക്കുന്നതിന് കടത്തു വഞ്ചിയെയാണ് ആശ്രയിച്ചിരുന്നത്. പാലം നിലവിൽ വന്നതോടു കൂടി സമീപ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്ര സുഗമമായി തീർന്നു എങ്കിലും പാലത്തിലേക്ക് പ്രവേശിക്കുവാൻ ഒരു പൊതുവഴി ഇല്ലാതിരുന്ന പല്ലന–കുമാരകോടി പാലത്തിൻെറ കിഴക്ക് ഭാഗത്തെ ജനവാസ്ഥലമായ ലക്ഷ്മിത്തോപ്പ് പ്രദേശത്തെ ജനങ്ങളുടെ ഒറ്റപ്പെടലും യത്രാ ക്ലേശങ്ങളും മാറ്റമില്ലാതെ തുടർന്നു. ആയതിനാൽ പ്രസ്തുത പ്രദേശത്തേക്ക് പല്ലന–കുമാരകോടി പാലത്തിൽ നിന്ന് ഒരു സർവ്വീസ് റോഡ് നിർമ്മിക്കണമെന്ന തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറ അഭ്യർത്ഥന പ്രകാരം 2016 ൽ പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ പല്ലന–കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ–ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ സർവ്വീസ് റോഡ് നിർമ്മിച്ചു. പദ്ധതി നിലവിൽ വന്നതോട് കൂടി ടി പ്രദേശത്തിന് കരുവാറ്റ–കുമാരകോടി റോഡുമായി ബന്ധപ്പെടൽ സാധ്യമാകുകയും യാത്രാ സൗകര്യം മെച്ചപ്പെടുകയും ചെയ്യു. പ്രദേശവാസികൾ വിദ്യാഭ്യാസം, തൊഴിൽ, ചികിത്സ തുടങ്ങിയ

തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി സമീപ പ്രദേശങ്ങളിലെ ഗ്രാമങ്ങളെയും പട്ടണത്തെയുമാണ് ആശ്രയിക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനും പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനും വഴി തുറന്നിട്ടുണ്ട് എന്ന് വിലയിരുത്താവുന്നതാണ്.

നിർദ്ദിഷ്ട സർവീസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 18 കുടുംബങ്ങൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവിൽ കുറവ് വരുകയും, ഇവരിൽ 6 കുടുംബങ്ങളുടെ സ്ഥലത്തുണ്ടായിരുന്ന ഏതാനും ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റിയതു മൂലം അവയിൽ നിന്നുള്ള വരുമാനം നഷ്ടമായി എന്നതും മാത്രമാണ് പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ മൂലം പ്രസ്തുത കുടുംബങ്ങൾക്ക് ഉണ്ടായ വിപരീതമായ പ്രത്യാഘാതം.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2022 ഒക്ടോബർ 6-ാം തീയതിയിലെ 3422 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ആലപ്പുഴ ജില്ലാകളക്ടറുടെ 2022 ഒക്ടോബർ 1-ാം തീയതിയിലെ വിജ്ഞാപനം നമ്പർ G.2-2300/2019 പ്രകാരം പല്ലന-കുമാരകോടി പാലത്തിന്റെ സർവ്വീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏകദേശം 10 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിലവിൽ പൂർത്തികരിക്കപ്പെട്ട സർവീസ് റോഡ് നിർമ്മാണത്തിനു വേണ്ടി ആവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നതിനായി സർവ്വെകല്ലുകൾ സ്ഥാപിച്ചിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4 പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിയ്ക്കു വേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പണയത്തിനെടുക്കുകയോ ചെയ്തിട്ടില്ല. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറ അപേക്ഷ പ്രകാരം ഭൂവുടമകളുടെ സമ്മതത്തോട് കൂടിയാണ് പ്രദേശത്ത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ സർവീസ് റോഡ് നിർമ്മിച്ചിരിക്കുന്നത്.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും**

ആലപ്പുഴ ജില്ലയിൽ പല്ലനയാറിന് സമീപത്ത് സ്ഥിതി ചെയ്യുന്ന സ്വഛസുന്ദരമായ ഒരു ഗ്രാമപ്രദേശമാണ് ഇത്. പദ്ധതി ബാധിതമാകുന്ന പ്രദേശങ്ങൾ ജനവാസ സ്ഥലങ്ങളും, തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ കൃഷികൾക്ക് അനുയോജ്യമായ സ്ഥലങ്ങളുമാണ്. റവന്യൂ രേഖ പ്രകാരം പദ്ധതി പ്രദേശങ്ങൾ "പുരയിടം" വിഭാഗത്തിൽ പെടുന്നു. വിവിധ സർവെ നമ്പറുകളിൽ നിന്നായി ഏകദേശം 10 ആർ സ്ഥലമാണ് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

**4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ റവന്യൂ രേഖ പ്രകാരം "പുരയിടം" വിഭാഗത്തിൽ പെടുന്നു.

*ചിത്രം.4.7.1. : പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം*




പദ്ധതി ബാധിതമാകുന്ന 18 ഉടമകളുടെ സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 1 ഉടമയുടെ സ്ഥലം തരിശ് ഭൂമിയും, 7 ഉടമകളുടെ സ്ഥലം കൃഷിക്കും, 9 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, അവശേഷിക്കുന്ന 1 ഉടമയുടെ സ്ഥലം വ്യവസായിക ആവശ്യത്തിനു വേണ്ടിയും ഉപയോഗിക്കുന്നു

പദ്ധതി പ്രദേശത്തെ മണ്ണ് ഫലഭൂയിഷ്ടമായതാണ്. ഇവിടെ ധാരാളം തെങ്ങ്, കവുങ്ങ്, തുടങ്ങിയ വൃക്ഷങ്ങളും കൂടാതെ കുടുംബങ്ങൾ ഗാർഹിക ആവശ്യങ്ങൾക്കായി പച്ചക്കറികൾ, വാഴ തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ 13 ഉടമകളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ളതും 5 ഉടമകളുടേത് കൂട്ടുടമസ്ഥതയിലുള്ളതുമാണ്. ഒരു (1) ഉടമയുടെ സ്ഥലം സ്ഥാപനത്തിന്റെ പേരിലുള്ളതാണ്. വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവെ നമ്പറുകളിൽ ഉടമകൾക്ക് കൈവശമായിട്ടുള്ള സ്ഥലത്തിന്റെ ആകെ അളവും ടി സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ കാലയളവിനെ

ക്കുറിച്ചും വിവരദാതാക്കൾ സർവ്വെയിൽ നൽകിയ വിവരങ്ങൾ തുടർന്ന് നൽകിയിട്ടുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.8.1. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ കാലയളവ്**

| *ക്രമനമ്പർ* | *ഉടമയുടെ പേര്* | *സർവ്വെ നമ്പർ* | *ആകെ അളവ് (സെൻറിൽ)* | *കൈവശമായ കാലയളവ്* |
|---|---|---|---|---|
| 1 | സിന്ധു & തങ്കപ്പൻ | 67/1 | 13 സെൻറ് | 60 വർഷം |
| 2 | നരേന്ദ്രൻ | 66/1-4 | 27 സെൻറ് | 15 വർഷം |
| 3 | രതീശൻ | 66/1-9 | 20 സെൻറ് | 6 വർഷം |
| 4 | സിബി തോമസ് | 67/10/1/B2 | 23 സെൻറ് | 16 വർഷം |
| 5 | യശോദരൻ | 67/11, 67/1-2, 67/15 | 21 സെൻറ് | 30 വർഷം |
| 6 | മനോഹരൻ & ബേബി | 67/7 | 14 സെൻറ് | 33 വർഷം |
| 7 | ഹരിലാൽ & ശാരി | 67/2 | 15 സെൻറ് | 1 വർഷം |
| 8 | ഗോമതി | 67/10-1 | 8.5 സെൻറ് | 20 വർഷം |
| 9 | കേരള റെയർ എർത്ത് ആൻറ് മിനറത്സ് ലിമിറ്റഡ | 66/1-3B | 49 സെൻറ് | 12.04.2002 |
| 10 | സുരേഷ് ശങ്കരൻ & ആശ സുരേഷ് | 67/6 | 13 സെൻറ് | 26 വർഷം |
| 11 | പൊന്നപ്പൻ | 66/1-92 | 15 സെൻറ് | 30 വർഷം |
| 12 | സുഭാഷ് | 67/6-2 | 3.43 സെൻറ് | 26 വർഷം |
| 13 | രഞ്ചു രഘുനാഥൻ | 67/18-2 | 11 സെൻറ് | 26 വർഷം |
| 14 | ഷിബു & സുലത | 67/8 | 9.5 സെൻറ് | 10 വർഷം |
| 15 | സുശീല അനിരുദ്ധൻ | 67/13 | 28 സെൻറ് | 35 വർഷം |
| 16 | സാവിത്രി | 67/936 | 9.25 സെൻറ് | 20 വർഷം |
| 17 | സജിത്ത് | 67/10-1-3 | 8.5 സെൻറ് | 7 വർഷം |
| 18 | സരസമ്മ പാറു(Late) | 67/16 | 35 സെൻറ് | 50 വർഷം |

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ 1 ഉടമയുടേത് ഒഴിച്ച് മറ്റൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. സർവ്വെ നമ്പർ 67/2 ലെ ഭൂമിയിൽ 1 വർഷം മുൻപ് ഉടമ കൈമാറ്റം നടന്നിട്ടുണ്ട് എന്ന് മനസിലാക്കുന്നു. നിലവിലെ ഉടമകളായ ഹരിലാൽ, ശാരി എന്നിവർക്ക് പിതാവായ സുന്ദരേശനിൽ നിന്ന് 1 വർഷത്തിനുമുൻപ് ടി ഭൂമി കൈമാറ്റമായ് ലഭിച്ചതാണ്

പദ്ധതി ബാധിതമാകുന്ന 18 ഉടമകളുടെ സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 1 ഉടമയുടെ സ്ഥലം തരിശ് ഭൂമിയും, 7 ഉടമകളുടെ സ്ഥലം കൃഷിക്കും, 9 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, അവശേഷിക്കുന്ന 1 ഉടമയുടെ സ്ഥലം വ്യവസായിക ആവശ്യത്തിനു വേണ്ടിയും ഉപയോഗിക്കുന്നു

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി പാലത്തിൻെറ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി തൃക്കുന്നപ്പുഴ വില്ലേജിൽ നിന്നും ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. പല്ലന-കുമാരകോടി പാലത്തിൻെറ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പ്രത്യക്ഷ ആഘാതബാധിതർ മാത്രമാണുള്ളത് എന്ന് മനസിലാക്കുന്നു

### *5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമി 17 കുടുംബങ്ങളുടെയും 1 സ്ഥാപനത്തിൻെറയും ഉടമസ്ഥതയിലുള്ളതാണ്. ടി ഉടമകൾക്ക് പദ്ധതി പ്രദേശത്ത് തങ്ങൾക്ക് കൈവശമായ ഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നതും കൂടാതെ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് ഉണ്ടായിരുന്ന ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ഏതാനും വൃക്ഷങ്ങൾ പദ്ധതി നിർമ്മാണത്തിനു വേണ്ടി വെട്ടിമാറ്റിയതിനാൽ അതിൽ നിന്നും ലഭിച്ചിരുന്ന വിളയിനത്തിലുള്ള വരുമാനം നഷ്ടമായി എന്നതുമാണ് ഭൂവുടമകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ എന്ന് പദ്ധതിപ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും ഉടമകളുമായി നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെയിലൂടെയും പഠന സംഘം

വിലയിരുത്തുന്നു. വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂവുടമകളുടെ പേര് വിവരങ്ങൾ പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

***പട്ടിക 5.1.1 പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ***

| ക്രമനമ്പർ | ഭൂവുടമയുടെ പേര്,വിലാസം,ഫോൺനമ്പർ | സർവെ നമ്പർ |
|---|---|---|
| 1 | സിന്ധു & തങ്കപ്പൻ<br>കിഴക്കത്തുശ്ശേരിൽപടീറ്റതിൽ<br>ലക്ഷ്മിത്തോപ്പ്<br>7588055286 | 67/1 |
| 2 | നരേന്ദ്രൻ, പൗർണമി, പല്ലന<br>കുമാരകോടി<br>9497339260 | 66/1-4 |
| 3 | രതീശൻ, പെരുമളത്ത്, പല്ലന<br>9747980495 | 66/1-9 |
| 4 | സിബി തോമസ്, പാലക്കാമണ്ണിൽ വീട്<br>കളത്തിപടി, വടവാതൂർ പി.ഒ, കോട്ടയം<br>9946025990 (സന്തോഷ്) | 67/10/1/B2 |
| 5 | യശോദരൻ, ബിനോയ് ഭവൻ<br>മുട്ടം പി.ഒ, പരിമണം<br>9497245856 | 67/11, 67/1-2, 67/15 |
| 6 | മനോഹരൻ & ബേബി, ചിറക്കുഴിയിൽ<br>ലക്ഷ്മിത്തോപ്പ്, കുമാരകോടി<br>9288902778 | 67/7 |
| 7 | ഹരിലാൽ & ശാരി, ശാരി ഭവൻ<br>തൃക്കുന്നപ്പുഴ പി.ഒ., പല്ലന<br>9747555693, 9947223327 | 67/2 |
| 8 | ഗോമതി, ഓണമ്പള്ളിൽ, പല്ലന<br>9961966473 | 67/10-1 |
| 9 | കേരള റെയർ എർത്ത് ആൻറ് മിനറത്സ്<br>ലിമിറ്റഡ്, പി.ബി.നമ്പർ :73, VIII/224<br>മാർക്കറ്റ് റോഡ്, ആലുവ<br>0484-2626789, 9847081153 | 66/1-3B |
| 10 | സുരേഷ് ശങ്കരൻ & ആശ സുരേഷ്<br>ചാലിൽ, പല്ലന<br>9495441422 | 67/6 |
| 11 | പൊന്നപ്പൻ, രണ്ടുപന്തിച്ചിറ, പല്ലന<br>9496138392 | 66/1-92 |
| 12 | സുഭാഷ്, ചാലിൽ, പല്ലന<br>9495151357 | 67/6-2 |

| | | |
|---|---|---|
| 13 | രഞ്ചു രഘുനാഥൻ, ആയിരം തെങ്ങിൽ പല്ലന<br>9526262051 | 67/18-2 |
| 14 | ഷിബു & സുലത, സജിഭവനത്തിൽ പല്ലന<br>8921887419 | 67/8 |
| 15 | സുശീല അനിരുദ്ധൻ, എ.എസ്.പുരം ലക്ഷ്മിത്തോപ്പ്, പല്ലന<br>9847176268 | 67/13 |
| 16 | സാവിത്രി, സച്ചിൻ നിവാസ് ലക്ഷ്മിത്തോപ്പ്, പല്ലന<br>9249275521 | 67/936 |
| 17 | സജിത്ത്, പുത്തൻകരി കിഴക്കേതിൽ പല്ലന<br>9961966473 | 67/10-1-3 |
| 18 | സരസമ്മ പാറു (Late), നമ്പ്യേത്ത് പല്ലന<br>9544974252/7025372438 | 67/16 |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശം വനഭൂമിയല്ല

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശം നഗര പ്രദേശമല്ല, തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2-ാം വർഡിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. പദ്ധതി ബാധിതരാകുന്ന 18 ഉടമകളിൽ 9 ഉടമകളുടെ കുടുംബങ്ങൾ ടി പ്രദേശത്ത് വളരെ വർഷങ്ങളായി താമസിക്കുന്നവരാണ്.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഏതൊരു കുടുംബവും ജീവനോപാധിക്കായി ടി പ്രദേശത്തെ ആശ്രയിക്കുന്നില്ല

***5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)***

പദ്ധതിക്ക് പരോക്ഷ ആഘാത ബാധിതരില്ല

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

ഭൂവുടമകളുടെ സമ്മതത്തോടെ സ്വകാര്യ ഭൂമിയിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്ന സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. സർവ്വീസ് റോഡ് നിർമ്മാണ ഘട്ടത്തിൽ ഏതാനും ഉടമകളുടെ സ്ഥലങ്ങളിൽ ഉണ്ടായിരുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റപ്പെട്ടിട്ടുണ്ട് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട് നടത്തിയ സർവെയിലും അഭിമുഖത്തിലും ഭൂവുടമകളും പദ്ധതി നിർമ്മാണ കാലഘട്ടത്തിലെ പ്രദേശത്തിന്റെ ജനപ്രതിനിധിയും വെളിപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം ലഭിച്ച വിവരങ്ങൾ തുടർന്നുള്ള പട്ടികയിൽ നൽകിയിരിക്കുന്നു.

***പട്ടിക 5.6.1. പദ്ധതിക്ക് വേണ്ടി വെട്ടിയ വൃക്ഷങ്ങളുടെ വിവരം***

| ക്രമനമ്പർ | ഭൂവുടമയുടെ പേര് | സർവെ നമ്പർ | പദ്ധതിക്ക് വേണ്ടി വെട്ടിയ വൃക്ഷങ്ങൾ |
|---|---|---|---|
| 1 | നരേന്ദ്രൻ | 66/1-4 | തെങ്ങ് (2), മഹാഗണി (1) |
| 2 | മനോഹരൻ & ബേബി | 67/7 | തെങ്ങ് (6) |
| 3 | കേരള റെയർ എർത്ത് ആൻറ് മിനറത്സ് ലിമിറ്റഡ് | 66/1-3B | തെങ്ങ് (4), മഹാഗണി (1) |
| 4 | സുരേഷ് ശങ്കരൻ & ആശ സുരേഷ് | 67/6 | തെങ്ങ് (1) |
| 5 | പൊന്നപ്പൻ | 66/1-92 | തെങ്ങ് (2), കവുങ്ങ് (6) |
| 6 | ഷിബു & സുലത | 67/8 | തെങ്ങ് (2) |

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യ വത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ**

പല്ലന-കുമാരകോടി സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകളായ 18 പേരിൽ 9 ഉടമകളുടെ കുടുംബങ്ങളാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത് എന്ന് പഠന സംഘം നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ മനസിലാക്കുന്നു. പദ്ധതി പ്രദേശത്ത് താമസിക്കുന്ന 9 കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ ലഭ്യമായ ജനസംഖ്യാപരമായ വിവരങ്ങൾ പട്ടിക 6.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും**

| പ്രായം | സ്ത്രീ | പുരുഷൻ | ആകെ എണ്ണം |
|---|---|---|---|
| 0 – 18 | .. | 5 | 5 |
| 18-35 | 5 | 2 | 7 |
| 35-45 | 1 | 3 | 4 |
| 45-60 | 2 | 3 | 5 |
| 60-75 | 6 | 3 | 9 |
| 75 ൽ കൂടുതൽ | 1 | .. | 1 |
| **ആകെ** | **15** | **16** | **31** |

പദ്ധതി പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിതരാകുന്ന 9 കുടുംബങ്ങളിലെ ആകെ ജനസംഖ്യ 31 ആണെന്ന് പട്ടിക 6.1.1. വ്യക്തമാക്കുന്നു. ഇവരിൽ 5 ആൺകുട്ടികൾ 18 വയസിൽ താഴെ പ്രായമുള്ളവരാണ്. 18 നും 35 നും ഇടയിൽ പ്രായമുള്ള 7 അംഗങ്ങളിൽ 5 അംഗങ്ങൾ സ്ത്രീകളും 2 അംഗങ്ങൾ പുരുഷന്മാരുമാണ്. 3 പുരുഷന്മാരും 1 സ്ത്രീയും 35 നും 45നും ഇടയിൽ പ്രായമുള്ളവരാണ്. 45 നും 60 നും ഇടയിൽ പ്രായമുള്ള 5 അംഗങ്ങളിൽ 2 സ്ത്രീകളും 3 പുരുഷൻമാരും ഉണ്ട്. പദ്ധതി ബാധിത കുടുംബാംഗങ്ങളിലെ വയോജനങ്ങളുടെ, അതായത് 60 വയസിനു മുകളിൽ പ്രായമുള്ളവരുടെ ആകെ എണ്ണം 10 ആണ്; ഇവരിൽ 7 പേർ സ്ത്രീകളും 3 അംഗങ്ങൾ പുരുഷന്മാരുമാണ്.

പദ്ധതി പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബത്തിലെ പ്രായപൂർത്തിയായ 26 അംഗങ്ങളിൽ 20 പേർ വിവാഹിതരും 2 അംഗങ്ങൾ അവിവാഹിതരുമാണ്; കൂടാതെ 4 വിധവകളും ടി കുടുംബങ്ങളിൽ ഉണ്ട്. കുടുംബാംഗങ്ങളിൽ 1 അംഗം മാനസിക രോഗിയും 1 അംഗം കരൾ രോഗ ബാധിതനുമാണ് എന്ന് മനസിലാക്കുന്നു. പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 2 വിധവകൾ ഉണ്ടെന്ന് സർവ്വെ വെളിപ്പെടുത്തുന്നു. ഇവരിൽ 1 വ്യക്തി ഭൂവുടമയാണ്.

### 6.1. a. പദ്ധതി ബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും

പദ്ധതി പ്രദേശത്ത് താമസിക്കുന്ന 9 പദ്ധതി ബാധിത കുടുംബങ്ങളും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നവരും ഹിന്ദു മത വിശ്വാസികളുമാണ്.

### 6.2. വരുമാനവും ദാരിദ്ര്യതലവും

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി 17 കുടുംബങ്ങളുടെയും 1 സ്ഥാപനത്തിൻെറയും ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. ഇവരിൽ 16 കുടുംബങ്ങളിൽ നിന്നാണ് സാമ്പത്തികവും തൊഴിൽപരവുമായ വിവരങ്ങൾ ലഭിച്ചിട്ടുള്ളത്. പ്രസ്തുത കുടുംബങ്ങളിലെ വരുമാന ദായകരുടെയും ആശ്രിതരുടെയും അനുപാതം താഴെ ചിത്രീകരിച്ചിരിക്കുന്നു

***ചിത്രം 6.2.1. പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം***




വരുമാന ദാതക്കളുടെയും ആശ്രിതരുടെയും അനുപാതം 2:2 ഉം 1:3 ഉം ഉള്ള 3 കുടുംബങ്ങൾ വീതമുണ്ട്. വരുമാന ദാതാക്കളും ആശ്രിതരും 1:2, 2:4, 1:1 എന്നീ അനുപാതങ്ങളിലുള്ള 2 കുടുംബങ്ങൾ വീതമുണ്ട്. വരുമാന ദാതാക്കളും ആശ്രിതരും 1:4, 2:3, 2:1, 3:1 എന്നീ അനുപാതങ്ങളിലുള്ള കുടുംബങ്ങളുടെ എണ്ണം 1 വീതമാണ്

***പട്ടിക 6.2.1. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനവും ചെലവും***

| ***തുക*** | ***മാസവരുമാനമുള്ള കുടുംബങ്ങളുടെ എണ്ണം*** | ***ചെലവ് ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം*** |
|---|---|---|
| 5000 രൂപയിൽ താഴെ | 1 | 2 |
| 5,000–15,000 | 6 | 5 |
| 15,000–25,000 | 1 | 3 |
| 25,000–35,000 | 3 | 2 |
| 45,000–55,000 | 2 | |
| 55,000–65,000 | 1 | |
| 75,000–85,000 | 1 | |

| | | |
|---|---|---|
| 1,00,000 | 1 | 1 |
| **ആകെ കുടുംബങ്ങ ളുടെ എണ്ണം** | **16** | **13** |

സാമൂഹ്യ സാമ്പത്തിക സർവെയിൽ കുടുംബത്തിൻെറ മാസവരുമാനം വെളിപ്പെടുത്തിയത് 16 കുടുംബങ്ങളും ചെലവ് വെളിപ്പെടുത്തിയത് 13 കുടുംബങ്ങളുമാണ്. ഒരു മാസം 5,000/- രൂപയിൽ താഴെ വരുമാനമുള്ള 1 കുടുംബവും അത്രയും തുക ചെലവ് ചെയ്യുന്ന 2 കുടുംബങ്ങളുമാണുള്ളത്. 6 കുടുംബങ്ങൾക്ക് 5000 രൂപ മുതൽ 15,000/- രൂപവരെ മാസ വരുമാനവും 5 കുടുംബങ്ങൾക്ക് അത്രയും തുക ഒരു മാസത്തിൽ ചെലവ് വരുകയും ചെയ്യുന്നു. 15,000/- രൂപയ്ക്കും 25,000/- രൂപയ്ക്കുമിടയിൽ മാസവരുമാനമുള്ള 1 കുടുംബവും ചെലവ് ചെയ്യുന്ന 2 കുടുംബങ്ങളുമുണ്ട്. 25,000/- രൂപയ്ക്കും 35,000/- രൂപയ്ക്കുമിടയിൽ വരുമാനമുള്ള 3 കുടുംബങ്ങളും ചെലവ് ചെയ്യുന്ന 2 കുടുംബങ്ങളുമുണ്ട്. 2 കുടുംബങ്ങളുടെ മാസവരുമാനം 45,000/- രൂപയ്ക്കും 55,000/- രൂപയ്ക്കുമിടയിലാണ്. 55,000/- രൂപയ്ക്കും 65,000/- രൂപയ്ക്കുമിടയിലും, 75,000/- രൂപയ്ക്കും 85,000/- രൂപയ്ക്കുമിടയിലും മാസവരുമാനമുള്ള 1 കുടുംബം വീതമുണ്ട്. പദ്ധതിബാധിതരിൽ 1 കുടുംബത്തിൻെറ മാസവരുമാനം 1 ലക്ഷം രൂപയാണെങ്കിൽ മറ്റൊരു (1) കുടുംബത്തിൻെറ ഒരു മാസത്തെ ചെലവ് 1 ലക്ഷം രൂപയാണെന്ന് സർവെയിൽ വെളിപ്പെടുത്തി

കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനമനുസരിച്ച് ലഭിച്ചിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ പട്ടിക 6.2.1.ൽ വിവരിക്കുന്നു.

**പട്ടിക 6.2.2.: പദ്ധതി ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ**

| **റേഷൻ കാർഡിൻെറ നിറം** | **കുടുംബങ്ങളുടെ എണ്ണം** |
|---|---|
| മഞ്ഞ | 1 |
| പിങ്ക് | 7 |
| നീല | 2 |
| വെള്ള | 6 |

| | |
|---|---|
| വിവരം ലഭ്യമല്ല | 1 |
| **ആകെ** | **17** |

പദ്ധതിബാധിതരാകുന്ന 6 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും, 2 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡും, 7 കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള റേഷൻ കാർഡും 1 കുടുംബത്തിന് മഞ്ഞ നിറത്തിലുമുള്ള റേഷൻ കാർഡുമാണ് ലഭിച്ചിട്ടുള്ളത്. ഒരു കുടുംബത്തിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല

### 6.3. ദുർബലജനവിഭാഗം

സർവ്വെയിൽ ലഭിച്ച വിവരം അനുസരിച്ച് പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 9 പേർ 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളും, 16 വ്യക്തികൾ 60 വയസിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുമാണ്. കൂടാതെ പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 2 ഹൃദ്രോഗികളും, 2 മാനസിക രോഗികളും, കരൾ സംബന്ധമായ രോഗമുള്ള 1 വ്യക്തിയും ഉൾപ്പെടുന്നതായി മനസിലാക്കുന്നു. 3 വിധവകളും പദ്ധതി ബാധിത കുടുംബങ്ങളിൽ ഉണ്ട്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന 18 ഉടമകളുടെ സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 1 ഉടമയുടെ സ്ഥലം തരിശ് ഭൂമിയും, 7 ഉടമകളുടെ സ്ഥലം കൃഷിക്കും, 9 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, അവശേഷിക്കുന്ന 1 ഉടമയുടെ സ്ഥലം വ്യവസായിക ആവശ്യത്തിനു വേണ്ടിയും ഉപയോഗിക്കുന്നു

ഉപജീവനത്തിനായി ഏതൊരു കുടുംബവും നിർദ്ദിഷ്ട ഭൂമിയെ ആശ്രയിക്കുന്നില്ല

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും പദ്ധതി പ്രദേശത്ത് നിലവിലില്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

മത്സ്യബന്ധനം, കൃഷി, കയർ നിർമ്മാണം മുതലായവയാണ് പ്രദേശത്തെ പ്രധാന ഉപജീവന മാർഗങ്ങൾ. പ്രസ്തുത പ്രവർത്തനങ്ങളെയൊന്നും നിർദ്ദിഷ്ട പദ്ധതി ബാധിക്കുന്നില്ല

## 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബ ങ്ങളുമാണ്. മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന കുമാരകോടി സാംസ്കാ രികമായി വളരെയധികം പ്രാധാന്യമർഹിക്കുന്ന പ്രദേശമാണ്. എങ്കിലും പദ്ധതി പ്രദേശത്ത് ഏതെങ്കിലും സാമൂഹിക സാംസ്കാരിക സംഘടനകളുടെ വസ്തുവകകളില്ല

### 6.8 ഭരണ സംഘടനകൾ

പദ്ധതി പ്രദേശത്ത് ഭരണ സംഘടനകളുടെ സ്ഥാപനങ്ങളില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗര സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഇല്ല

### 6.11.പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

ആലപ്പുഴ ജില്ലയിൽ പല്ലനയാറിന്റെ ഇരുവശങ്ങളിലുമുള്ള  പല്ലന, കുമാരകോടി പ്രദേശ ങ്ങളിലെ ജനങ്ങൾ പ്രദേശങ്ങൾക്കിടയിലും പുറത്തേക്കുമുള്ള യാത്രക്ക് വഞ്ചികളെയും ബോട്ടുകളെയുമാണ് ആശ്രയിച്ചിരുന്നത്.  പദ്ധതി പ്രദേശത്തിനടുത്ത് പല്ലനയാറിലുണ്ടായ ബോട്ട് അപകടത്തിലാണ് മഹാകവി കുമാരനാശാൻ മരണമടഞ്ഞത്. ഗ്രാമത്തിന്റെ ശാലീനതയും സൗന്ദര്യവും ഉൾച്ചേർന്ന ടി പ്രദേശത്ത് 2016 ൽ പല്ലന-കുമാരകോടി പാലം നിർമ്മിച്ചതോടു കൂടി പ്രദേശത്തെ യാത്രാ സൗകര്യം മെച്ചപ്പെടുകയും പ്രദേശം വികസനത്തിന്റെ പാതയിലേക്ക് ചുവട് വെക്കുകയും ചെയ്തു.

എന്നാൽ പാലത്തിലേക്ക് പ്രവേശിക്കുന്നതിന് സർവ്വീസ് റോഡ് ഇല്ലാതിരുന്നതിനാൽ ലക്ഷ്മിത്തോപ്പ് ഗ്രാമത്തിലെ രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് താമസിക്കുന്ന കുടുംബ ങ്ങൾക്ക് ടി പാലത്തിന്റെ പ്രയോജനം ലഭിക്കാതെ വന്നു. പ്രദേശവാസികൾക്ക് തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനായി ഗ്രാമത്തിൽ നിന്ന് പുറത്തേക്ക് പോകുന്നതിന് വീണ്ടും കടത്തു വഞ്ചിയെ ആശ്രയിക്കേണ്ടതായി വന്നു. പാലവും അനുബന്ധ റോഡും നിലനിൽക്കേ ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ

കഴിയാതെ പ്രസ്തുത പ്രദേശം ഒറ്റപ്പെട്ട അവസ്ഥയിലായി. ആയതിനാൽ പ്രദേശത്തേക്ക് പല്ലന-കുമാരകോടി പാലത്തിൽ നിന്ന് ഒരു സർവ്വിസ് റോഡ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 16/12/2017 തീയതിയിലെ അടിയന്തിര യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും ടി മീറ്റിംഗിലെ 1(10)-ാം നമ്പർ തീരുമാന പ്രകാരം രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് സ്ഥലം ഏറ്റെടുത്ത് സർവ്വിസ് റോഡ് നിർമ്മിച്ച് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പിന്നീട് 2016 ൽ പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ പല്ലന-കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ-ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും സർവ്വീസ് റോഡ് നിർമ്മിച്ചു. പാലത്തിലേക്കും ദേശീയ പാതയിലേക്കും മതിയായ കണക്റ്റിവിറ്റി ലഭിച്ചതോടെ പദ്ധതി പ്രദേശത്തിന്റെ ഒറ്റപ്പെടലിനും യാത്രാ ദുരിതങ്ങൾക്കും പരിഹാരമായി.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പല്ലന-കുമാരകോടി പാലത്തിൽ നിന്ന് സർവീസ് റോഡ് യാഥാർത്ഥ്യമായതോടു കൂടി അടുത്ത പ്രദേശങ്ങളിലുള്ള അവശ്യ സൗകര്യങ്ങളുടെ പ്രാപ്യത ജനങ്ങൾക്ക് എളുപ്പമാക്കി തീർത്തു. നിർദ്ദിഷ്ട പദ്ധതി എല്ലാ വിധത്തിലും പ്രദേശത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിന് കാരണമായി എന്ന് വിലയിരുത്താവുന്നതാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 14.10.2022 തീയതിയിൽ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. അന്നേ ദിവസം നേരിൽ കാണുവാൻ കഴിയാതെ പോയ ഭൂവുടമകളെ പിന്നീട് ഫോണിൽ ബന്ധപ്പെട്ട് അതേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. കൂടാതെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന തൃക്കുന്നപ്പുഴ പഞ്ചായത്ത് 2-ാം വാർഡ് മുൻമെമ്പറിൽ നിന്നും (പദ്ധതി നിർമ്മാണം നടക്കുന്ന സമയത്തെ മെമ്പർ) വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിന്റെ അടുത്ത ഘട്ടമായ് 11.11.2022 വെള്ളിയാഴ്ച്ച രാവിലെ 11.00. മണിക്ക് പല്ലന, ലക്ഷ്മിത്തോപ്പ് എസ്.എൻ.ഡി.പി. ഹാളിൽ വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടീസ് പ്രാദേശിക ഭാഷാ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും, ഭൂവുടമകൾക്ക് ടെലഫോണിലൂടെയോ നേരിട്ടോ വിവരം നൽകുകയും ചെയ്യും. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് (പാലം), ആലപ്പുഴ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ

കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കും. പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും പദ്ധതിബാധിതർക്കുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്ന തിനുള്ള ഒരു വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങ്.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി സർവീസ് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കാർത്തികപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട തൃക്കുന്നപ്പുഴ വില്ലേജിലെ ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ച പോളിസി പ്രകാരവുമുള്ള നഷ്ടപരി ഹാരം പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്ത് നിന്ന് വെട്ടിമാറ്റിയ വൃക്ഷങ്ങൾ ക്കുള്ള നഷ്ടപരിഹാരവും, മതിയായ തെളിവിന്റെ അടിസ്ഥാനത്തിൽ ഉടമകൾക്ക് നൽകുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഉം ടി നിയമത്തിന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ പുറപ്പെടു വിച്ച പോളിസി G.O(MS)No.485/2015/RD പ്രകാരവുമുള്ള നടപടിക്രമങ്ങൾ പല്ലന-കുമാരകോടി പാലം സർവീസ് റോഡ് പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതിക്ക് പദ്ധതിരേഖ ഇല്ല.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതി നിർവ്വഹണം നിലവിൽ പൂർത്തികരിക്കപ്പെട്ടിരിക്കുന്നതിനാൽ രൂപകൽപ്പനയിൽ മാറ്റങ്ങൾ ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയ ക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരം പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാര വും അനുബന്ധമായ | കേരള ഭൂമി ഏറ്റെ ടുക്കലിൽ ന്യായ മായ നഷ്ടപരി | ന്യായമായ ഭൂമി വിലയും നിയമാധി ഷ്ടിതമായ മറ്റ് |

| | | | | |
|---|---|---|---|---|
| | | കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | പദ്ധതിബാധിത ഭൂമിയിൽ നിന്ന് വെട്ടിമാറ്റിയ വൃക്ഷങ്ങളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസി പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | വിശ്വസനീയമായ തെളിവിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുക |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

**8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചി ക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്ന തിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനു മുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായി രിക്കുന്നതാണ്. പല്ലന-കുമാരകോടി സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ) ആലപ്പുഴ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് G.O(MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ-പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട് ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ-പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ പല്ലന-കുമാരകോടി പാലത്തിൻെറ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 01/10/2022 തീയതിയിലെ ഉത്തരവിലൂടെ (ജി2-2300/2019) ആലപ്പുഴ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസവും പുന:സ്ഥാപനവും ആവശ്യമായി വരുന്നില്ല

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

9.3. **സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും   നഷ്ടപരിഹാരവും
- നഷ്ടപരിഹാര നടപടികളുടെ സമയക്രമം

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

പല്ലന-കുമാരകോടി പാലത്തിന്റെ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) പാലക്കാട് പദ്ധതിയുടെ പുനരധിവാസ- പുനസ്ഥാപന സ്കീമിന്റെ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ) നിയമിതനായിട്ടുണ്ട്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2–ാം വാർഡിൽ ഉൾപ്പെട്ട ലക്ഷ്മിത്തോപ്പ് എന്ന പദ്ധതി പ്രദേശത്തെ കുടുംബങ്ങൾക്ക് പ്രദേശത്തിനകത്ത് സഞ്ചരിക്കുവാനോ പുറത്തേക്ക് കടക്കുന്നതിനോ റോഡ് സൗകര്യം ഉണ്ടായിരുന്നില്ല. പല്ലന, കുമാരകോടി പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പല്ലന–കുമാരകോടി പാലം 2016 ൽ നിലവിൽ വന്നു. എന്നാൽ പാലത്തിലേക്ക് പ്രവേശിക്കുന്നതിന് മാർഗമില്ലാതിരുന്നതിനാൽ പദ്ധതി പ്രദേശത്തെ കുടുംബങ്ങൾക്ക് ടി പാലത്തിന്റെ പ്രയോജനം ലഭിക്കാതെ വന്നു. പ്രദേശവാസികൾക്ക് തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനായി ഗ്രാമത്തിൽ നിന്ന് പുറത്തേക്ക് പോകുന്നതിന് വീണ്ടും കടത്തു വഞ്ചിയെ ആശ്രയിക്കേണ്ടതായി വന്നു. പാലവും അനുബന്ധ റോഡും നിലനിൽക്കേ ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെ പ്രസ്തുത പ്രദേശം ഒറ്റപ്പെട്ട അവസ്ഥയിലായി. ആയതിനാൽ പ്രദേശത്തേക്ക് പല്ലന–കുമാരകോടി പാലത്തിൽ നിന്ന് ഒരു സർവ്വിസ് റോഡ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 16/12/2017 തീയതിയിലെ അടിയന്തിര യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും ടി മീറ്റിംഗിലെ 1(10)–ാം നമ്പർ തീരുമാനപ്രകാരം രണ്ടുപന്തിച്ചിറ–ചിറക്കുഴി ഭാഗത്ത് സ്ഥലം ഏറ്റെടുത്ത് സർവ്വിസ് റോഡ് നിർമ്മിച്ച് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്യു. പിന്നീട് 2016 ൽ പ്രദേശത്തെ ഭൂവുടുമകളുടെ സമ്മതത്തോടെ പല്ലന–കുമാരകോടി പാലത്തിൽ നിന്ന് രണ്ടുപന്തിച്ചിറ–ചിറക്കുഴി ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് റോഡ് വരെ 360 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും സർവ്വീസ് റോഡ് നിർമ്മിച്ചു. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഏകദേശം 10 ആർ സ്ഥലത്താണ് സർവീസ് റോഡ് നിർമ്മിച്ചിരിക്കുന്നത്. നിലവിൽ ഏറ്റെടുക്കലിനായി വിജ്ഞാപനം ചെയ്യിരിക്കുന്നത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്ന ഏകദേശം 10 ആർ സ്ഥലം മാത്രമാണ്. ഭൂവുടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായിരിക്കുന്ന സ്ഥലത്തിന്റെ അളവിൽ കുറവ് വന്നതും ഏതാനും ഉടമകളുടെ ഭൂമിയിലുണ്ടായിരുന്ന

ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടി വന്നു എന്നതുമാണ് ഭൂവുടമകൾക്ക് ഉണ്ടായിരിക്കുന്ന നഷ്ടങ്ങൾ. എന്നാൽ സർവീസ് റോഡ് നിലവിൽ വന്നതോടു കൂടി പ്രദേശത്തിന് പ്രധാന പാതയിലേക്ക് കണക്റ്റിവിറ്റി ലഭിക്കുകയും യാത്രാസൗകര്യം വളരെയേറെ മെച്ചപ്പെടുകയും ചെയ്യു. പല്ലന-കുമാരകോടി പാലത്തിൽ നിന്ന് പദ്ധതി പ്രദേശത്തേക്ക് ഒരു സർവീസ് റോഡ് വേണമെന്നത് പദ്ധതി പ്രദേശ ത്തിന്റെ ഒരു അടിസ്ഥാന ആവശ്യമായിരുന്നു. ആയതിനാൽ പദ്ധതിയുടെ ദൂരവ്യാപ കമായ നേട്ടങ്ങളുമായി തുലനം ചെയ്യുമ്പോൾ പദ്ധതി പ്രദേശത്തെ ഭൂവുടമകൾക്ക് ഉണ്ടായിട്ടുള്ള ഭൂമിയുടെ അളവിൽ കുറവ് വന്നു എന്ന നഷ്ടം നിയമാനുസൃതമായ നഷ്ടപരിഹാരത്തിലൂടെ പരിഹരിക്കാവുന്നതേയുള്ളു.

***പട്ടിക 11.1.1 പദ്ധതിയുടെ നേട്ടങ്ങളും ഭൂമി ഏറ്റെടുക്കലിന്റെ കോട്ടങ്ങളും വിലയിരുത്തൽ***

| ***പദ്ധതിയുടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ*** | ***പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ*** |
|---|---|
| പ്രദേശത്തിന്റെ ഒറ്റപ്പെടലിന് പരിഹാരം. | 18 ഭൂവുടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു. |
| പല്ലന-കുമാരകോടി പാലത്തിലേക്കും ദേശീയ പാതയിലേക്കും പ്രദേശത്തിന് കണക്റ്റിവിറ്റി ലഭിച്ചു | 6 ഉടമകളുടെ സ്ഥലത്ത് ഉണ്ടായിരുന്ന വൃക്ഷങ്ങൾ വെട്ടിനീക്കപ്പെട്ടതിനാൽ കുടുംബങ്ങൾക്ക് അതിൽ നിന്ന് വിളയിനത്തിൽ ലഭിച്ചിരുന്ന വരുമാനം നഷ്ടമായി |
| ഭൂമി വിലയിൽ വർധന | |
| പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴി തെളിക്കും | |

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി പാലത്തിന്റെ സർവീസ് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി തൃക്കുന്നപ്പുഴ വില്ലേജിൽ നിന്ന് ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കു ന്നതിന്റെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം 18 ഭൂവുടമകൾക്ക് പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവിൽ കുറവ് വന്നേക്കാം എങ്കിലും ടി പദ്ധതി, പ്രദേശത്തിന്റെ ഒരു അടിസ്ഥാന ആവശ്യമാണെന്നതി

നാൽ പദ്ധതി ബാധിത കുടുംബങ്ങൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ നിന്ന് വെട്ടി മാറ്റിയ വൃക്ഷങ്ങൾക്ക് തെളിവുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകണമെന്നതും ശുപാർശ ചെയ്യുന്നു.

ആയതിനാൽ മേൽ വിവരിച്ച രീതിയിൽ നിയമാനുസൃതമായ് നഷ്ടപരിഹാര നടപടികൾ സ്വീകരിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ പല്ലന-കുമാരകോടി പാലത്തിൻെറ സർവീസ് റോഡ് നിർമ്മാണപദ്ധതിക്ക് വേണ്ടി കാർത്തികപ്പിള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ വില്ലേജിൽ നിന്നും ഏകദേശം 10 ആർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. സർവീസ് റോഡിൻെറ നിർമ്മാണം പൂർത്തികരിച്ച സാഹചര്യത്തിൽ നഷ്ടപരിഹാര നടപടികൾ വേഗത്തിലാക്കണമെന്നതും ശുപാർശചെയ്യുന്നു

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. പൊതുമരാമത്ത് വകുപ്പ് (പാലം) ആലപ്പുഴ കാര്യാലയത്തിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ